അവരെ പോയി കണ്ട് ആശ്വസിപ്പിച്ച് അവർക്ക് ആശുപത്രിയിൽത്തന്നെ ഡോർമെറ്ററി സൗകര്യവും ഭക്ഷണവുമെല്ലാം നൽകാനും ഏർപ്പാട് ചെയ്തിട്ടുണ്ട്. ആ കുടുംബത്തിന് ധനസഹായം നൽകിയിട്ടുണ്ട്. ഗവൺമെന്റ് തലത്തിൽ ആലോചിച്ച് അപകടം പറ്റിയവരുടെ കുടുംബങ്ങൾക്ക് അനുവദിച്ച 50,000 രൂപയുടെ ധനസഹായം നല്കുന്ന ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേർകൂടി ഉൾപ്പെടുത്തി സഹായം നൽകും. പക്ഷേ ഉത്തർപ്രദേശ് സ്വദേശിയെക്കുറിച്ച് എനിക്ക് കിട്ടിയ റിപ്പോർട്ട് ഞാൻ പറഞ്ഞുകഴിഞ്ഞു. അത്രയും ഗുരുതരമായ ഒരു സ്ഥിതിയാണുള്ളത്. ഇതു സംബന്ധിച്ച് ഒരു കാര്യംകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും എം.എൽ.എ.-മാരും കളക്ടർമാരും ഉദ്യോഗസ്ഥരും പോലീസുകാരും തുടങ്ങി എല്ലാവരും അവിടെ എല്ലാ നടപടികളും സ്വീകരിച്ച് കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. പക്ഷേ ഇത് അടിക്കടി ഉണ്ടാകുകയാണ്. വളരെ തുറസ്സായ സ്ഥലത്ത് തീവണ്ടി പോകുന്നതിന് തൊട്ട് അടുത്ത് സംഭവിച്ചതാണ്. ഇത് ഗൗരവമായി കണ്ടുകൊണ്ട് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിന്റെ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് മന്ത്രിസഭ തീരുമാനിച്ചിട്ടുള്ളത്.

10. വൈക്കത്ത് കരമണൽ ഖനനം പുനഃസ്ഥാപിക്കാൻ നടപടി

ശ്രീ. കെ. അജിത് : സർ, വൈക്കം താലൂക്കിലെ കരമണൽ ഖനനം പുനരാരംഭിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. വൈക്കം താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ കരമണൽ ഖനനം ചെയ്ത് ആറായിരത്തോളം തൊഴിലാളികൾ ജീവിക്കുന്നുണ്ട്. അവിടത്തെ ചില നിയമങ്ങളും ബുദ്ധിമുട്ടുകളും കാരണം ഇപ്പോൾ ആ പ്രവർത്തനം നടക്കുന്നില്ല. നിയമം നടപ്പിലാക്കുന്നതോടൊപ്പംതന്നെ തൊഴിലാളികളെ സംരക്ഷിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെടുകയാണ്. ഇപ്പോൾ ആറായിരത്തോളം തൊഴിലാളികൾ നേരിട്ട് ഇതിനകത്ത് പണിയെടുക്കുകയാണ്. അനുബന്ധമായി ലോറി ഓടിക്കുന്ന തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ ഉൾപ്പെടെ പതിനായിരത്തോളം തൊഴിലാളികൾ ആ മേഖലയിൽ പണിയെടുക്കുന്നുണ്ട്. കഴിഞ്ഞ ആറ് മാസക്കാലമായി കോട്ടയം ജില്ലാ കളക്ടർ ഇത് നിരോധിച്ചിരിക്കുകയാണ്. കരമണൽ ഖനനത്തിനും പാറ പൊട്ടിക്കുന്നതിനും ഒരേ നിയമമാണ് കേരളത്തിൽ ഉള്ളതെന്നാണ് അറിയാൻ കഴിഞ്ഞത്. പക്ഷേ സമാനമായ സമയത്ത് കരമണൽ ഖനനം നിരോധിക്കുകയും പാറ പൊട്ടിക്കുന്നതിന് അനുവാദം കൊടുക്കുകയും ചെയ്യുകയായിരുന്നു. അമ്പത് മീറ്ററിന്റെ ദൂരപരിധി നേരത്തേയുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ കൺസെന്റ് ഉണ്ടെങ്കിൽപ്പോലും കൊടുക്കേണ്ട എന്ന് കളക്ടർ പറഞ്ഞിരിക്കുകയാണ്. റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, പോലീസ് എന്നീ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർ വന്ന് നേരിൽ അന്വേഷണം നടത്തി തൃപ്തികരമാണെന്നറിയിച്ചുവെങ്കിലും നിയമവിധേയമായ കേന്ദ്രങ്ങൾ പോലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. നിയമവിധേയമായി നടത്താൻ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടുള്ളത് തുറന്നു പ്രവർത്തിപ്പിക്കുകയും അല്ലാത്തതെല്ലാം പൂർണ്ണമായി നിരോധിക്കുകയും അവർക്കെതിരെ

LIBRARY ARCHIVES Kerala Legislative Assembly

കർശനമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കൂടാതെ ആറായിരത്തോളം വരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. നിയമപരമായി കരമണൽ ഖനനം നടത്തുന്നതിന് അനുവാദം കൊടുക്കണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : വൈക്കം താലൂക്കിലെ കരമണൽ ഖനനം സംബന്ധിച്ച് ധാരാളം പരാതികൾ പൊതുജനങ്ങളിൽനിന്നും പത്ര മാധ്യമങ്ങളിൽനിന്നും സുതാര്യകേരളം പരിപാടിയിലൂടേയും ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വൈക്കം താലൂക്കിന് നൽകിയ കരമണൽ ഖനനത്തിന്റെ പാസ്സുകൾ മലപ്പുറം താലൂക്കിലുംമറ്റും കൊണ്ടു പോയി ദുരുപയോഗം ചെയ്യുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വിജിലൻസ് വകുപ്പ് അന്വേഷണം ആരംഭിച്ചിട്ടുമുണ്ട്. റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകളുടെ സംയുക്ത യോഗത്തിൽ മുഴുവൻ സൈറ്റുകളുടേയും പുനഃപരിശോധന നടത്തി നിയമാനുസൃതമായി പ്രവർത്തിക്കുന്നവരെ മാത്രം അനുവദിക്കുന്നതുവരെ ഖനനം നിറുത്തിവയ്ക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പാലാ സബ്കളക്ടർക്ക് 14-ഉം ഡെപ്യൂട്ടി കളക്ടർ ജനറലിന് ഏഴും ഡെപ്യൂട്ടി കളക്ടർ എൽ. ആർ-ന് ഏഴും ഫയലുകൾ നൽകിയതിൽ ഡെപ്യൂട്ടി കളക്ടർ (ജനറൽ) രണ്ടും ഡെപ്യൂട്ടി കളക്ടർ എൽ. ആർ പതിനാല് സൈറ്റുകളും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അവയിൽ ഏഴ് സൈറ്റുകൾ നിയമ വിരുദ്ധമായതിനാൽ എൻ.ഒ.സി. റദ്ദ് ചെയ്തിട്ടുണ്ട്. സബ്കളക്ടർ ചുമതലപ്പെടുത്തിയ പതിനാറ് സൈറ്റുകളുടെ പരിശോധന നടന്നുവരുന്നു. സബ്കളക്ടറുടെ റിപ്പോർട്ടുകൂടി ലഭിക്കുന്ന മുറയ്ക്ക് റദ്ദ് ചെയ്യേണ്ടുന്നവ റദ്ദ് ചെയ്യാനുൾപ്പെടെയുള്ള മറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ശ്രീ. അജിത്ത് ചൂണ്ടിക്കാണിച്ച ആറായിരത്തോളം തൊഴിലാളികൾ തൊഴിലെടുക്കുന്ന ഒരു മേഖലയാണെന്നുള്ളതിനാൽ അവരുടെ തൊഴിലും ജീവിത പ്രശ്നവും ഗൗരവമുള്ളതാണ്. എന്നാൽ അതോടൊപ്പം തന്നെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു, കൊടുത്ത ലൈസൻസും പാസ്പോർട്ടും മറ്റ് ജില്ലകളിൽ കൊണ്ടുപോയി ദുരുപയോഗം ചെയ്യുന്നുവെന്നുള്ള പരാതികൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചവയിൽ പലതും നിയമ വിരുദ്ധമായതുകൊണ്ടാണ് റദ്ദ് ചെയ്തത്. തൊഴിലാളികളുടെ തൊഴിലിന്റെ പ്രശ്നവും നിയമ വിധേയമായി പ്രവർത്തിക്കാവുന്നത് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഏത് വിധത്തിലാണ് നടപടി സ്വീകരിക്കുവാൻ കഴിയുന്നതെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുമായി കൂടി ചർച്ചചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

11. ആരോഗ്യ വകുപ്പിലെ ഫീൽഡ് സ്റ്റാഫ് ജീവനക്കാരുടെ സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ കാഷ്വൽ ലീവെടുത്ത് 8-2-2011- ന് അവരുടെ പ്രതിഷേധം അറിയിക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. ഒമ്പതാം ശമ്പള കമ്മീഷനിൽ ചില വിവേചനങ്ങളുണ്ട് എന്നുള്ളതാണ് അതിന് പ്രധാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly